**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2217** **11.02.2020 - ൽ മറുപടിക്ക്.**

**എല്ലാവർക്കും റേഷൻകാർഡ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**,, കെ.ജെ. മാക്സി**<br>**,, എം. മുകേഷ്**<br>**,, യു. ആർ. പ്രദീപ് :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | ആഗോള ദാരിദ്ര്യ സൂചികയിൽ രാജ്യത്തിന്റെ സ്ഥാനം ഇടിയുമ്പോഴും സാർവ്വത്രിക പൊതുവിതരണ സമ്പ്രദായവും എഫ്.സി.ഐ.-യെയും തകർക്കുന്ന കേന്ദ്ര സർക്കാർ നയം സൃഷ്ടിക്കുന്ന പ്രശ്നം മറികടന്നുകൊണ്ട് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ഗുണഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻവിതരണ സംവിധാനം നടപ്പിലാക്കി. ഗുണഭോക്തൃ വിഹിതം, കൈപ്പറ്റിയ വിഹിതം എന്നിവ സംബന്ധിച്ച എസ്എംഎസ് സന്ദേശങ്ങൾ എല്ലാ മാസവും റേഷൻകാർഡുടമകൾക്ക് അയക്കുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തെ ഏതു റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ എഎവൈ/ മുൻഗണന കാർഡുകൾക്ക് രാജ്യത്തെ 12 സംസ്ഥാനങ്ങളിൽ നിന്ന് റേഷൻ വാങ്ങാവുന്ന വിധം നാഷണൽ പോർട്ടബിലിറ്റി നടപ്പാക്കിയിട്ടുണ്ട്.<br><br>ഓൺലൈനായി പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതിപരിഹാര സംവിധാനം പൊതുജനങ്ങൾക്ക് ഗുണകരമാണ്. civilsupplieskerala.gov.in, epos.kerala.gov.in എന്നീ സുതാര്യതാ പോർട്ടലുകളിലൂടെ റേഷൻകാർഡുകളുടെ വിവരങ്ങളും റേഷൻകടയിലെ വിവരങ്ങളും തത്സമയം നിരീക്ഷിക്കാൻ സാധിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് സിസ്റ്റം മുഖേന റേഷൻകടകളിൽ വാതിൽപ്പടി വിതരണത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു കൊടുക്കുന്നുണ്ട്. റേഷൻകാർഡുകളുടെ വിതരണം പൂർണമായും ഓൺലൈനായി മാറി. |

റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർക്ക് പുറമേ സംസ്ഥാനതല ഇൻസ്പെക്ഷൻ സംഘം ഉൾപ്പെടെ വിവിധ തലങ്ങളിൽ പരിശോധന നടത്തി റേഷൻവിതരണം കാര്യക്ഷമമായി മുന്നോട്ട് പോകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

**(ബി)** സ്വന്തമായി വീടില്ലാത്തവർക്കും പുറമ്പോക്കിൽ കഴിയുന്നവർക്കും ഉൾപ്പെടെയുള്ള എല്ലാവർക്കും റേഷൻകാർഡ് സമയബന്ധിതമായി നൽകാൻ പരിപാടിയുണ്ടോ; ഇ-റേഷൻ കാർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**(ബി)** പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു.

ഇ-റേഷൻകാർഡ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**(സി)** സഹായസന്നദ്ധരായ സംഘടനകളുടെ കൂടി പങ്കാളിത്തത്തോടെ വിശപ്പ് രഹിത കേരളം പദ്ധതി സംസ്ഥാനത്ത് എല്ലായിടത്തും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

**(സി)** നിലവിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ ആരംഭിച്ചിട്ടുള്ള "വിശപ്പുരഹിത കേരളം-സുഭിക്ഷ" പദ്ധതി മറ്റു ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**